# നഗരസഭയിലും പഞ്ചായത്തിലും ജനാധിപത്യമില്ല; പകരം കക്ഷിത്തലവന്റെ സ്വേച്ഛാധിപത്യം!

ഒന്നര കൊല്ലംമുമ്പ് കേരളത്തിൽ പഞ്ചായത്ത്, മുനിസിപ്പൽ തിരഞ്ഞെടുപ്പുകൾ നടന്നു. ഈ തിരഞ്ഞെടുപ്പുകളിൽ കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികൾ മത്സരിച്ചു. രാഷ്ട്രീയകക്ഷികൾക്ക് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അനുവദിച്ചിട്ടുള്ള ചിഹ്നങ്ങൾതന്നെ ഉപയോഗിച്ച് വോട്ടെടുപ്പും നടന്നു.

പാർലമെന്റിലും സംസ്ഥാന നിയമസഭയിലും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടക്കുകയും ഭൂരിപക്ഷം ലഭിക്കുന്ന കക്ഷിക്കാർ തിരഞ്ഞെടുക്കുന്ന നേതാവിനെ മുഖ്യമന്ത്രിയായി നിയമിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ കക്ഷിക്കാരായ നേതാക്കളെ വിവിധ വകുപ്പുകളുടെ ചുമതല വഹിക്കുന്ന മന്ത്രിമാരായും നിയോഗിക്കും. അങ്ങനെ ഭരണകക്ഷിയുടെ നേതൃത്വത്തിൽ ഭരണം നടത്തും. പ്രതിപക്ഷത്തിന് ഭരണത്തിൽ പങ്കൊന്നുമില്ല. അവർ  ഭരിക്കുന്നവരുടെ പ്രകടനം സസൂക്ഷ്മം നിരീക്ഷിച്ച് കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാട്ടും, വിമർശിക്കും. അതോടൊപ്പം ക്രിയാത്മകമായ നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കും. ഈ രീതിയിലുള്ള കക്ഷിരാഷ്ട്രീയ ജനാധിപത്യമാണ് നമ്മുടെ സംസ്ഥാന നിയമസഭയിലും ലോക്സഭയിലും മറ്റും നടക്കുന്നത്.

പക്ഷേ, കേരളത്തിൽ പഞ്ചായത്ത്, മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ കക്ഷിച്ചിഹ്നങ്ങളുടെ അടിസ്ഥാനത്തിൽ മത്സരിച്ച് ജയിച്ച സ്ഥാനാർത്ഥികൾ പഞ്ചായത്ത് മെമ്പർമാരും നഗരസഭാ കൗൺസിലർമാരും മറ്റുമായി സത്യപ്രതിജ്ഞ ചെയ്തുകഴിയുമ്പോൾ അവർ എല്ലാവരും ചേർന്ന് നഗരസഭകളുടെയും, മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും ഭരണം നടത്തണമെന്ന് നിയമം പറയുന്നു. നിയമപ്രകാരം അവിടെ എങ്ങും ഭരണകക്ഷിയോ പ്രതിപക്ഷ കക്ഷിയോ ഇല്ല. കക്ഷികളുടെയും ചിഹ്നങ്ങളുടെയും പേരുപറഞ്ഞ് വോട്ടുനേടി വന്നവരാണെങ്കിലും അവർ ഒന്നിച്ചിരുന്ന് തീരുമാനങ്ങളെടുത്ത് ഭരണം നടത്തുന്നു.

സംസ്ഥാനതലത്തിലും കേന്ദ്രത്തിലും ഓരോ വകുപ്പിന്റെയും ഭരണം നടത്താൻ ഭരണകക്ഷി (ഭൂരിപക്ഷ കക്ഷി അല്ലെങ്കിൽ മുന്നണി)യിൽ പെട്ട നേതാക്കൾ മന്ത്രിമാരായി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിലും നഗരസഭയിലും മറ്റും ഓരോ വകുപ്പിന്റെയും ഭരണച്ചുമതല വഹിക്കുന്നത് ഒരു സ്ഥിരം സമിതിയാണ്. (സ്റ്റാന്റിംഗ് കമ്മിറ്റി). വിവിധ വകുപ്പുകൾക്ക് വെവ്വേറെ സ്ഥിരം സമിതികളുണ്ട്. മരാമത്ത് പണികൾ നോക്കുന്ന വർക്ക്സ് കമ്മിറ്റി, മാലിന്യസംഭരണം, ശുചീകരണം ഉൾപ്പടെയുള്ള പല സുപ്രധാന കാര്യങ്ങളും നോക്കുന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭയുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളുടെയും മറ്റും മേൽനോട്ടം വഹിക്കുന്ന വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഡപ്യൂട്ടി മേയർ/മുനിസിപ്പൽ വൈസ് ചെയർമാൻ/പഞ്ചയാത്ത് വൈസ് പ്രസിഡന്റ് അധ്യക്ഷത വഹിക്കുന്ന ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി, വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി, ടൗൺപ്ലാനിംഗ് സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി അപ്പീലുകൾ തീരുമാനിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റി. ഇങ്ങനെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളാണ്, മന്ത്രിമാരെപോലെ വകുപ്പുകളുടെ ഭരണം നഗരസഭയിലും മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും നടത്തുന്നത്.

ഈ സ്ഥിരം സമിതികളിൽ എല്ലാ വിഭാഗക്കാരും അംഗങ്ങളായിത്തീരുന്നു. അവിടെ കക്ഷിവ്യത്യാസമില്ല. ഓരോ കൗൺസിലറും ഓരോ പഞ്ചായത്തുമെമ്പറും ഏതെങ്കിലും ഒരു സ്ഥിരം സമിതിയിൽ അംഗമായിരിക്കും. ഒരു കൗൺസിലർ ഒന്നിൽ കൂടുതൽ സമിതികളിൽ അംഗമാകുകയും ഇല്ല. ചുരുക്കത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണകക്ഷി, പ്രതിപക്ഷകക്ഷി വ്യത്യാസമില്ലാതെ എല്ലാ കക്ഷികളിലുംപെട്ടവർ ഒന്നിച്ചുചേർന്നാണ് ഭരണം നടത്തുന്നത്. അവിടെ ഭരണപക്ഷവും പ്രതിപക്ഷവും ഇല്ല എന്നതാണ് സത്യം.

ഈ സാഹചര്യത്തിൽ ജനങ്ങളെ പറ്റിക്കാൻവേണ്ടി എന്തിന് കക്ഷിരാഷ്ട്രീയത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കള്ളക്കടത്തുപോലെ കൊണ്ടുവരുന്നു? പുറമെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി ഭരണകക്ഷി, പ്രതിപക്ഷകക്ഷി എന്ന ലേബൽ; അകത്ത് എല്ലാവരും ഒന്നിച്ചിരുന്ന് കൈക്കൂലി പങ്കുവയ്ക്കുകയും പരസ്പരം സഹായിക്കുകയും ചെയ്തുകൊണ്ട് ഭരണം നടത്തൽ!

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കക്ഷിരാഷ്ട്രീയം കടന്നുവരുമ്പോഴാണ് അഞ്ച് കൊല്ലം കാലാവധിയോടെ വിവിധ സ്ഥാനങ്ങളിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനു പകരം, ഓരോ കൊല്ലത്തേക്ക് ഓരോരുത്തരും എന്നോ, രണ്ടര കൊല്ലംവീതം രണ്ടുകൂട്ടർ സ്ഥാനം പങ്കിട്ടെടുക്കുന്നതുപോലെയോ അഡ്ജസ്റ്റ്മെന്റുകൾ നടത്തുന്നത്. അപ്പോൾ നീക്കുപോക്കുകളും ഒഴികഴിവുകളും വേണ്ടിവരുന്നു. നേരത്തെ ഉണ്ടാക്കിയ ഉടമ്പടികൾ പലപ്പോഴും ലംഘിക്കപ്പെടുന്നു. അങ്ങനെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കുതിരക്കച്ചവടവും സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള വിലപേശലും ഇന്ന് നിരവധി. അധികാര കൈമാറ്റങ്ങളും രാഷ്ട്രീയ ഗൂഢാലോചനകളുമെല്ലാം അങ്ങനെ പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിലേക്കു കൂടി വ്യാപിച്ചിരിക്കുന്നു. ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് കൂട്ടായി പ്രവർത്തിക്കുന്നതിനു പകരം കക്ഷി വളർത്താൻ വേണ്ടി കുതിരക്കച്ചവടം നടക്കുന്നു. ചിഹ്നത്തിൽ മത്സരിച്ച് ജയിച്ച സ്ഥിതിക്ക്, ആ ചിഹ്നം നൽകിയ കക്ഷിത്തലവൻ

വിപ്പ് നൽകുന്നു, അയാൾ പറയുന്നതുപോലെ മാത്രമേ വോട്ട് ചെയ്യാവൂ. അങ്ങനെ ജനാധിപത്യത്തെ കക്ഷി നേതൃത്വത്തിന്റെ സ്വേച്ഛാധിപത്യമായി അധഃപതിപ്പിച്ചിരിക്കുന്നു.

ഈയിടെ കോട്ടയം ജില്ലാ പഞ്ചായത്തിൽ അരങ്ങേറിയ ചൂതാട്ടങ്ങളും കുതിരക്കച്ചവടവും നാം കണ്ടു. രാഷ്ട്രീയകക്ഷി വ്യത്യാസങ്ങളൊന്നുമില്ലാതെ ജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻവേണ്ടി ഒന്നിച്ചുപ്രവർത്തിക്കാൻ സത്യപ്രതിജ്ഞയെടുത്ത ജനപ്രതിനിധികൾ കക്ഷിനേതാവിന്റെ വിപ്പ് ഉത്തരവ് അനുസരിച്ച്, നേതാവിന്റെ താളത്തിനൊത്ത് തുള്ളുന്നു. തൃണമൂലതല ജനാധിപത്യത്തെ ഒരു പ്രഹസനമാക്കി മാറ്റുന്നു. പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ജനഹിതം പ്രതിഫലിക്കുന്നതിനു പകരം കക്ഷിനേതാവിന്റെ ഉത്തരവ് അനുസരിച്ച് മാത്രം ഭരണം നടക്കുന്ന സ്ഥിതി. ഈ ദയനീയസ്ഥിതിക്ക് മാറ്റം ഉണ്ടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശരിയായ ജനാധിപത്യം പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുകളിൽ കക്ഷികൾക്കും രാഷ്ട്രീയകക്ഷികൾക്കും അവരുടെ ചിഹ്നങ്ങൾക്കും സ്ഥാനമില്ല എന്ന കാര്യം വ്യക്തമാക്കണം. വാസ്തവത്തിൽ മുനിസിപ്പാലിറ്റീസ് ആക്ടിലും പഞ്ചായത്ത് ആക്ടിലും കക്ഷിരാഷ്ട്രീയത്തെപ്പറ്റി ഒരുവാക്കുപോലും പറയുന്നില്ല. കക്ഷി അടിസ്ഥാനത്തിലല്ലാത്ത തിരഞ്ഞെടുപ്പാണ് നിയമം വിവക്ഷിക്കുന്നത്. പക്ഷെ കേരളത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും നിയമത്തിന്റെ കീഴിലുള്ള റൂളുകൾ എഴുതിയുണ്ടാക്കിയപ്പോൾ അവിടെ 'ഏതെങ്കിലും സ്ഥാനാർത്ഥി തന്റെ രാഷ്ട്രീയകക്ഷിയുടെ ചിഹ്നം ആവശ്യപ്പെട്ടാൽ അത് അനുവദിക്കുന്ന കാര്യം വരണാധികാരിക്ക് (റിട്ടേണിംഗ് ഓഫീസർ) പരിഗണിക്കാവുന്നതാണ്.' ഈ റൂൾ വ്യവസ്ഥയുടെ മറവിൽ പഞ്ചായത്തീരാജ് മുനിസിപ്പാലിറ്റീസ് ആക്ടിന്റെ സത്തതന്നെ ഇല്ലാതാക്കിത്തീർത്തിരിക്കുന്നു. അവിടെ ജനാധിപത്യത്തിനു പകരം കക്ഷിത്തലവന്റെ വിപ്പ് ഉത്തരവ് നിർണ്ണായകമായിത്തീരുന്നു.

ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഭാഗ്യവശാൽ ഇന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുന്നത് കക്ഷി അടിസ്ഥാനത്തിലോ, കക്ഷികൾക്ക് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അനുവദിച്ചുനൽകിയിരിക്കുന്ന ചിഹ്നങ്ങളുടെ അടിസ്ഥാനത്തിലോ അല്ല. കേരളത്തിലും ഇനിയെങ്കിലും കക്ഷിരാഷ്ട്രീയം ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാർത്ഥ ജനാധിപത്യരീതിയിൽ പ്രവർത്തിക്കാൻ നാം ഏർപ്പാട് ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ സ്വാർത്ഥമതികളായ നേതാക്കൾ ഇക്കാര്യത്തിൽ മുൻകയ്യെടുക്കാൻ പോകുന്നില്ല. ജനങ്ങൾതന്നെ ശബ്ദമുയർത്തി തീരുമാനം എടുപ്പിക്കേണ്ടിയിരിക്കുന്നു.